ഡിസംബർ 2019

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

നമ്മുടെ കോലഞ്ചേരി മാർത്തോമ്മാ ഇടവക വികാരിയായിരിക്കുന്ന റവ. സാബു ഐസക് അച്ചനും കുടുംബവും ഒരു മദ്ധ്യാഹ്നസമയത്ത് കാറിൽ യാത്ര ചെയ്യുമ്പോൾ ഒരു വാഹനാപകടത്തിൽ അകപ്പെടുകയുണ്ടായി. അച്ചന് മാരകമായ മുറിവുകളേറ്റു. ബസ്കിയാമ്മയുടെ കാലിന്റെ എല്ലിന് പൊട്ടലുണ്ടായി. കുഞ്ഞിന്റെ തോളെല്ലിൽ പൊട്ടലുണ്ടായി. കോലഞ്ചേരി മെഡിക്കൽ ആശുപത്രിയിൽ ഉടനെതന്നെ ചികിത്സയ്ക്കായി പ്രവേശിക്കുകയുണ്ടായി. വേണ്ട എല്ലാ ചികിത്സയും ശുശ്രൂഷകളും അച്ചനും കുടുംബത്തിനും ലഭ്യമാക്കുന്നതിൽ കോലഞ്ചേരി ആശുപത്രി അധികൃതർ നല്കിയ കരുതൽ വളരെ ശ്രദ്ധേയമായിരുന്നു. സഭയുടെ വിവിധ ഫണ്ടുകളിൽനിന്നും രണ്ടുലക്ഷം രൂപാ അച്ചന്റെ ചികിത്സയ്ക്കായി ആശുപത്രിയിൽ അടയ്ക്കുന്നതിന് സഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ കൂടുതൽ പണം ആവശ്യമായിവരുന്നു എന്നത് ഒരു യാഥാർത്ഥ്യമത്രെ. ഈ അവസ്ഥ മനസ്സിലാക്കി എറണാകുളത്തും പരിസരത്തുമുള്ള വടക്കൻ മേഖലകളിലുള്ള ഇടവകകൾ വികാരിമാരുടെ നേതൃത്വത്തിൽ ധനസമാഹരണം നടത്തി ആ തുക സഭാ സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതാണ്. ഈ പ്രത്യേക ആവശ്യത്തിലേക്കായി സഹായം നൽകാൻ താല്പര്യപ്പെടുന്ന സുമനസ്സുകളും സഭാസെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന തുക മുഴുവൻ അച്ചന്റെയും കുടുംബത്തിന്റെയും ചികിത്സയ്ക്കായി ആശുപത്രിയിൽ കൊടുക്കുവാൻ നാം നിർദ്ദേശിച്ചിട്ടുണ്ട്. ഏകദേശം 5 ലക്ഷം രൂപായെങ്കിലും ഇനിയും ചികിത്സയ്ക്കായി വേണ്ടിവരും എന്നുള്ളതുകൊണ്ട് എല്ലാവരുടെയും ഹൃദയപൂർവ്വമായ സഹകരണം പ്രതീക്ഷിക്കുന്നു. അച്ചന്റെയും കുടുംബത്തിന്റെയും അത്ഭുതകരമായ സൗഖ്യത്തിനായി നമുക്ക് എല്ലാവർക്കും പ്രാർത്ഥിക്കാം.

2019 ലെ വൈദിക സമ്മേളനം ചരൽക്കുന്നിൽ അനുഗ്രഹകരമായ രീതിയിൽ നടന്നു. 980 ൽ പരം വൈദികർ പേര് രജിസ്റ്റർ ചെയ്ത് സമ്മേളനങ്ങളിൽ പങ്കെടുത്തു. ഈ വർഷത്തെ കൂടിവരവ് ഏവർക്കും വളരെ സന്തോഷകരമായ ഒരു അനുഭവമായിരുന്നു. എന്നാൽ ആദ്യദിനത്തിനു ശേഷമുള്ള ദിവസങ്ങളിലെ പഠനസമ്മേളനങ്ങളിൽ ഹാജർനില കുറവുണ്ടായിരുന്നു എന്നത് ശ്രദ്ധയിൽ വന്നു. വിവിധ കാരണങ്ങളാലായിരിക്കാം ഇതു സംഭവിച്ചത്. സെറാമ്പൂർ കോൺവെക്കേഷൻ നവംബർ 28, 29 തീയതികളിൽ നടന്നതിനാൽ കുറേ പട്ടക്കാർക്ക് അതിൽ സംബന്ധിക്കേണ്ടിവന്നിരുന്നു. അവർക്ക് അതിന് അനുവാദവും നൽകിയിരുന്നു. എന്നാൽ ഇവരെക്കൂടാതെ തന്നെ പലരും ഹാജരാകാതിരുന്നതിനാലാണ് ഈ കുറവു സംഭവിച്ചത്. ഇടവകകളിൽ നിന്ന് സമ്മേളനത്തിനുള്ള ചെലവുകൾ സ്വീകരിച്ചുകൊണ്ട് രജിസ്റ്റർ ചെയ്യുന്ന എല്ലാ പട്ടക്കാരും ഈ ദിവസങ്ങളിൽ മറ്റു സ്വകാര്യ പരിപാടികൾ ഒഴിവാക്കി സമ്മേളനത്തിൽ പങ്കെടുക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കട്ടെ. കോൺഫ്രൻസിലെ വിഷയാവതരണവും പ്രതികരണവും ഇന്നത്തെ സാമൂഹ്യ തിന്മകൾക്കെതിരായുള്ള ബോധവത്ക്കരണവും വിശിഷ്യ സോഷ്യൽ മീഡിയായുടെ ദുരുപയോഗം സംബന്ധിച്ച അവബോധത്തിനായുള്ള ശാക്തീകരണവും വളരെ ശ്രദ്ധേയമായിരുന്നു. നമ്മുടെ സഭയിലെ യുവപട്ടക്കാർ തന്നെ ബൈബിൾ ക്ലാസിനും മുഖ്യ പ്രഭാഷണങ്ങൾക്കും നേതൃത്വം നൽകി എന്നത് വളരെ അഭിമാനകരമായ ഒരു വസ്തുതയത്രെ. ജസ്റ്റിസ് കുര്യൻ ജോസഫ്, ഡോ. ജോർജ്ജ് കെ. അലക്സ്, റവ. ഫാ. സഖറിയാ നൈനാൻ, ഡോ. സഞ്ജീവ് വി. തോമസ്, അഡ്വ. ബാലകൃഷ്ണൻ എന്നിവരുടെ പ്രഭാഷണങ്ങളും ചിന്തോദ്ദീപകങ്ങളായിരുന്നു. സഭയിലെ എല്ലാ മേൽപട്ടക്കാരുടെയും സാന്നിദ്ധ്യം കോൺഫ്രൻസിൽ ഉണ്ടായിരുന്നു എന്നതും അനുഗൃഹീതമായ ഒരു അനുഭവമായിരുന്നു. പട്ടക്കാരുടെ സമ്മേളനത്തിനു ശേഷം എപ്പിസ്കോപ്പൽ സിനഡ് ചേർന്നു. പട്ടക്കാരുടെ സ്ഥലമാറ്റം സംബന്ധിച്ച് സിനഡ് ക്രമീകരണങ്ങൾ ചെയ്തു. ഏപ്രിൽ 1 മുതൽ നടപ്പിലാക്കുവാൻ താല്പര്യപ്പെടുന്ന ഭദ്രാസന ഭരണ ചുമതലകളെ കുറിച്ചുള്ള ചർച്ചകൾക്ക് ആരംഭം കുറിച്ചു. സാമ്പത്തിക വർഷാവസാനത്തിൽ ഇപ്രകാരം ഒരു ക്രമീകരണം ചെയ്യണമെന്നുള്ള അഭിപ്രായത്തിലാണ് സിനഡിലെ ചർച്ചകൾ സമാപിച്ചത്.

സഭാ ജനങ്ങളുടെ പൊതു അറിവിലേക്കായി എപ്പിസ്കോപ്പൽ നോമിനേഷൻ ബോർഡുമായി ബന്ധപ്പെട്ട് അപ്പീൽ പെറ്റീഷന്റെമേൽ ഉണ്ടായ അന്തിമവിധി ഇവിടെ ഉദ്ധരിക്കുന്നു.- "Considering the facts and circumstance of the case I am of the view that the decision taken by the board to nominate defendants 5 to 8 and rejection of nomination of defendants 9 and 10 are seems to be proper. The trial court has rightly found that there is no evidence to show the violation of provisions of Exhibit A1 Constitution. Therefore Plaintiff/appellant is not entitled to get any relief sought in the plaint. Since the finding of the trial court is right there is no need to interfere and therefore judgment and decree are not liable to be set aside". ആകയാൽ നോമിനേഷൻ ബോർഡിനെതിരായുള്ള കേസുകൾ പൂർണ്ണമായും അവസാനിച്ചിരിക്കുന്നു. ഇനിയും സഭയുടെ ആവശ്യവുമായി ബന്ധപ്പെട്ട് പുതിയ മണ്ഡലം നോമിനേഷൻ ബോർഡിനെ തിരഞ്ഞെടുത്ത് ആദി മുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നു വ്യക്തമായിരിക്കുന്നു. പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന മണ്ഡലത്തിൽ ഇതു സംബന്ധമായ നടപടികൾ പുന:രാരംഭിക്കേണ്ടതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട ഇതര കേസുകൾക്കും ഇനി പ്രസക്തിയില്ല എന്നുള്ളതും അറിയിക്കട്ടെ.

മലയാള ഭാഷയുടെയും നാടിന്റെയും അഭിമാനമായ മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരിയ്ക്ക് ഇന്ത്യയിലെ പരമോന്നത സാഹിത്യ ബഹുമതിയായ ജ്ഞാനപീഠം പുരസ്കാരം ഈ വർഷം ലഭിച്ചു എന്നത് നമ്മുടെ ഭാഷയുടെയും ദേശത്തിന്റെയും അഭിമാനത്തെ വർദ്ധിപ്പിക്കുന്ന ഒരു അനുഭവമാണ്. ഈ അഭിമാനകരമായ നേട്ടത്തിൽ മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്കുള്ള സന്തോഷം അറിയിക്കുകയും മഹകവി അക്കിത്തത്തെ അഭിനന്ദിക്കുകയും ചെയ്യുന്നു.

ഒക്ടോബർ 16 മുതൽ നവംബർ 4 വരെ നടന്ന യു.കെ. യിലെയും അമേരിക്കയിലെയും നമ്മുടെ സന്ദർശനങ്ങൾ ഹൃദ്യമായിരുന്നു. ഹൂസ്റ്റണിൽ സെന്റ് തോമസ് മാർത്തോമ്മാ ഇടവക പുതുതായി പണികഴിപ്പിച്ച ആരാധനാലയവും ഈ വേളയിൽ 3 പാഴ്സണേജുകളുടെ കൂദാശയും ചെയ്യുവാൻ ഇടയായി എന്നത് കഴിഞ്ഞ കത്തിൽ സൂചിപ്പിച്ചിരുന്നുവല്ലോ. തുടർന്ന് ലിവർപൂളിൽ ഒരു ആരാധനാലയവും കൂടി ലഭ്യമാകുന്നതിനുള്ള സാഹചര്യം ഉളവായതായി കഴിഞ്ഞ ദിവസങ്ങളിൽ അറിയുവാൻ ഇടയായി. അതുപോലെ ഇംഗ്ലണ്ടിലെ സെന്റ് ജെയിംസ് ഇടവകയിലെ നിർമ്മാണ പ്രവർത്തനങ്ങളും അനുസ്യൂതം പുരോഗമിക്കുന്നു. ഈ സാമ്പത്തിക വത്സരത്തിൽ തന്നെ കൂദാശ നിർവ്വഹിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

നവംബർ 8 ന് ഏബ്രഹാം മൽപാൻ പ്രഭാഷണം കോട്ടയം മാർത്തോമ്മാ വൈദിക സെമിനാരിയിൽ നടന്നു. പി.എസ്.സി. മെമ്പർ ശ്രീ. ജിനു സഖറിയ നവീകരണത്തിന്റെ ആനുകാലിക പ്രസക്തി വിശ്വാസ കാര്യങ്ങളിൽ മാത്രമല്ല എന്ന് സാമൂഹ്യ നവോത്ഥാനത്തിനു ഏബ്രഹാം മൽപാൻ നൽകിയ സംഭാവനകളെ പരാമർശിച്ചുകൊണ്ട് വ്യക്തമാക്കുകയുണ്ടായി. നവോത്ഥാനത്തിന്റെ പ്രസക്തി 19-ാം നൂറ്റാണ്ടിന്റെ പശ്ചാത്തലത്തിൽ വിവരിച്ചതും ശ്രദ്ധേയമായിരുന്നു.

നവംബർ 10-ാം തീയതി ദുബായ് മാർത്തോമ്മാ ഇടവകയുടെ ഗോൾഡൻ ജൂബിലി സ്മാരക പ്രോ

ജക്ട് ഈ ഇടവകയുമായി ബന്ധപ്പെട്ടു നിൽക്കുന്ന തിരുവനന്തപുരം-കൊല്ലം ഭദ്രാസനത്തിന്റെ പ്രോജക്ടായി സ്വീകരിച്ച് ഭദ്രാസന എപ്പിസ്കോപ്പാ അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പായുടെയും ഔദ്യോഗിക ഭാരവാഹികളുടെയും സാന്നിദ്ധ്യത്തിൽ ശിലാസ്ഥാപനം നടത്തി. അന്നേ ദിവസം തിരുവനന്തപുരത്തു വെച്ച് കെ.സി.സി.യുടെ 80-ാം വാർഷികവുമായി ബന്ധപ്പെട്ട്, 800 കുട്ടികൾക്ക് മാസം 500/- രൂപാ വീതം ഒരു വർഷത്തേക്ക് സ്കോളർഷിപ്പ് നൽകുന്നതിനായുള്ള സ്നേഹസ്പർശം പ്രോജക്റ്റിന്റെ ഉദ്ഘാടനം നന്ദൻകോട് പള്ളിയിൽ വെച്ച് നിർവ്വഹിച്ചു. നവംബർ 11-ാം തിയതി ഉച്ചകഴിഞ്ഞ് തൃശൂർ എബനേസർ പള്ളിയുടെ പുനർനിർമ്മാണത്തിനു വേണ്ടിയുള്ള അടിസ്ഥാനശിലാസ്ഥാപനം ഭദ്രാസന എപ്പിസ്കോപ്പായുടെയും ഇടവക ജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ നിർവ്വഹിച്ചു. നവംബർ 13-15 വരെ ദുബായ് ഇടവകയുടെ ഗോൾഡൻ ജൂബിലി ആഘോഷത്തിൽ ഭദ്രാസന എപ്പിസ്കോപ്പായോടൊപ്പം പങ്കെടുക്കുവാൻ സാധിച്ചു എന്നതും സന്തോഷകരമായ അനുഭവമായിരുന്നു. നവംബർ 17-ാം തീയതി തെള്ളിയൂർ കാവ് വയൽ വാണിഭം ഉദ്ഘാടനവേളയിൽ പ്രാർത്ഥനയുടെ ആശീർവ്വാദം നൽകി. കേരളത്തിലെ ഗ്രാമീണ കലകളെയും ഗ്രാമീണ ഗൃഹോപകരണങ്ങളുടെ ലഭ്യതയും അനുസ്മരിപ്പിക്കുന്ന ആ വാണിഭം മതസാഹോദര്യത്തിന്റെയും സാംസ്കാരിക സാഹോദര്യത്തിന്റെയും ഹൃദ്യമായ ഒരു അനുഭവമായിരുന്നു.

കാലം ചെയ്ത ഡോ. തോമസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്താ സ്മാരക പ്രഭാഷണം നവംബർ 23-ാം തീയതി മാങ്ങാനം ഓറിയന്റേഷൻ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. തിരുമേനിയുടെ എക്യുമെനിക്കൽ വീക്ഷണങ്ങളെയും വേദശാസ്ത്ര ശാക്തീകരണത്തെയും അടിസ്ഥാനമാക്കി കണ്ണംമൂല സെമിനാരിയുടെ പ്രിൻസിപ്പൽ റവ. ഡോ. സി.ഐ. ഡേവിഡ് ജോയി ചെയ്ത ചിന്തോദ്ദീപകമായ പ്രഭാഷണം അനുഗ്രഹപ്രദമായിരുന്നു. നവംബർ 25-ാം തീയതി കുമ്പനാട് ഫെലോഷിപ്പ് ഹോസ്പിറ്റലിൽ കലമണ്ണിൽ ഡോ. ജേക്കബ് ഉമ്മൻ മെമ്മോറിയൽ പ്രഭാഷണം 10-ാം ചരമവാർഷികത്തോടനുബന്ധിച്ച് പത്മഭൂഷൺ ജസ്റ്റിസ് കെ.റ്റി. തോമസ് നടത്തുകയുണ്ടായി. ഈ യോഗത്തിൽ നാം അദ്ധ്യക്ഷത വഹിച്ചു.

നവംബർ 24-ാം തീയതി കറ്റാനം സെന്റ് തോമസ് ഹോസ്പിറ്റലിന്റെ ഫാർമസി കോളേജിന്റെ സയന്റിഫിക് ഹാളിന്റെ കൂദാശയും ലിഫ്റ്റ് സംവിധാനത്തിന്റെ ഉദ്ഘാടനവും ഹോസ്പിറ്റലിന്റെ എബനേസർ വാർഡിൽ 22 ബെഡ്ഡുകൾ ഉൾപ്പെടുത്തി പുനരുദ്ധരിച്ച സംവിധാനത്തിന്റെ കൂദാശയും ഉദ്ഘാടനവും നിർവ്വഹിച്ചു. ഈ സംവത്സരത്തിൽ ഫാർമസി കോളേജിൽ ഫാം ഡി കോഴ്സിന് അനുമതി ലഭിച്ചതിനാൽ ആ കോഴ്സിന്റെ ഉദ്ഘാടനവും നിർവ്വഹിച്ചു. നമ്മുടെ നേഴ്സിംഗ് കോളേജിലും ഫാർമസി കോളേജിലും ഗവേഷണ വിഭാഗവും കൂടി ആരംഭിച്ച് പി.എച്ച്.ഡി. ലഭ്യമാകത്തക്കവണ്ണം അവസരം ഉണ്ടാക്കുക എന്നത് നമ്മുടെ ഒരു സ്വപ്നമാണ്. ഇക്കാര്യത്തിൽ ഏവരുടേയും പ്രാർത്ഥന ഉണ്ടാകണമെന്ന് അറിയിക്കട്ടെ.

നവംബർ 27-ാം തീയതി തിരുവനന്തപുരത്തുള്ള ലാറ്റിൻ ആർച്ച് ഭദ്രാസനത്തിന്റെ ബിഷപ് സുസൈപാക്യം തിരുമേനിയുടെ ക്ഷണപ്രകാരം കേരളത്തിലെ 5 ക്രൈസ്തവ മേലദ്ധ്യക്ഷൻമാർ തിരുവനന്തപുരത്ത് ഒത്തുകൂടി ക്രൈസ്തവ സഭകളെ ഇന്നു പൊതുവെ ബാധിച്ചുകൊണ്ടിരിക്കുന്ന പല പ്രശ്നങ്ങളെക്കുറിച്ചും സംഭവവികാസങ്ങളെ കുറിച്ചും പ്രത്യേകിച്ചും തർക്കങ്ങൾ നിലവിലിരിക്കുന്ന സഭകൾക്കിടയിൽ ഒരുഅനുരഞ്ജനം രൂപപ്പെടേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും ചർച്ച ചെയ്യുകയുണ്ടായി. കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി, കർദിനാൾ ബെസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ, സി.എസ്.ഐ. സഭയുടെ മോഡറേറ്റർ ബിഷപ് തോമസ് കെ. ഉമ്മൻ, ലത്തീൻ സഭയുടെ ആർച്ച് ബിഷപ് സുസൈപാക്യം എന്നിവരും നാമും ഈ ചർച്ചകളിൽ പങ്കെടുത്തു. തർക്ക പരിഹാരത്തിനായി വേണ്ടതായ സഹായം ആവശ്യപ്പെടുന്ന പക്ഷം ഈ പ്രശ്നങ്ങളിൽ ഇടപെട്ട് അനുരഞ്ജനത്തിന്റെ സാധ്യതകൾ രൂപപ്പെടുത്താനുള്ള സന്നദ്ധതയും ഈ സഭാ മേലദ്ധ്യക്ഷൻമാർ അറിയിക്കുകയുണ്ടായി.

2018 ലെ പ്രളയ ദുരിതാശ്വാസത്തിനായി സഭ സമാഹരിച്ച ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച ക്രമീകരണങ്ങൾ പൂർത്തിയായി വരുന്നു. ഈ ആവശ്യത്തിലേക്ക് 10 കോടിയിൽ പരം രൂപാ സമാഹരിക്കുവാൻ സഭയ്ക്ക് സാധിച്ചു. ആയതിൻപ്രകാരം ഏഴര ലക്ഷം രൂപാ വീതം ചെലവഴിച്ച് 102 ഭവനങ്ങൾ നിർമ്മിച്ചു നൽകുന്നതിനുള്ള ഒരു പദ്ധതി ആരംഭിക്കുകയും ചെയ്തു. ഈ 102 വീടുകളിൽ 92 വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുള്ളവയിൽ 50-ൽ പരം വീടുകളുടെ നിർമ്മാണം ഡിസംബർ അവസാനത്തോടുകൂടി പൂർത്തീകരിക്കപ്പെടും. 10 വീടുകളുടെ നിർമ്മാണം ബന്ധപ്പെട്ട സ്ഥലത്തിന്റെ രേഖകൾ കൂടി ലഭ്യമാകാനുള്ള കാലതാമസം കൊണ്ടാണ് വൈകുന്നത്. 60-ൽ പരം ഭവനങ്ങൾക്ക് കേടുപാടുകൾ തീർക്കുന്നതിനുവേണ്ടി 2 ലക്ഷം മുതൽ 3 ലക്ഷം വരെ തുക നൽകി സഹായിക്കുകയുണ്ടായി. പൂർത്തീകരിച്ച വീടുകളുടെ താക്കോൽദാന കർമ്മം ജനുവരി 2-ാം തീയതി ആദരണീയനായ കേരള ഗവർണർ അരീഫ് മുഹമ്മദ് ഖാൻ ഉച്ചകഴിഞ്ഞ് 2 മണിക്ക് സഭാ ആഡിറ്റോറിയത്തിൽ വെച്ച് നിർവ്വഹിക്കുന്നതാണ്. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ സഭാ സെക്രട്ടറി റവ. കെ.ജി. ജോസഫ് അച്ചൻ അറിയിക്കുന്നതാണ്. ഇപ്പോൾ ഏറ്റെടുത്തിരിക്കുന്ന ഈ മഹത്തായ പദ്ധതികൾ പൂർത്തീകരിച്ചു കഴിഞ്ഞ് ഈ വർഷം പ്രളയ ദുരന്തത്തിന് ഇരയായ വയനാട് മേഖലയിലുള്ള സ്ഥലങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കണമെന്നും ആഗ്രഹിക്കുന്നുണ്ട്. ഇക്കാര്യത്തിൽ എല്ലാ സുമനസുകളുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

മാർത്തോമ്മാ സഭയുടെ ദിവ്യസംഗീത വിഭാഗമായ ഡി.എസ്.എം.സി.യുടെ സുവർണ്ണജൂബിലിയുമായി ബന്ധപ്പെട്ട് ഈ വർഷം തിരുവല്ല, കുണ്ടറ, ചുങ്കത്തറ എന്നീ മൂന്നിടങ്ങളിലായി 'പുൽക്കൂട്ടിൽ പൂക്കാലം' എന്ന പ്രോഗ്രാം നടക്കുകയാണ്. നവംബർ 30-ാം തീയതി തിരുവല്ലായിലുള്ള സഭാ ആഡിറ്റോറിയത്തിൽ വെച്ച് വളരെ ഹൃദ്യമായ രീതിയിൽ ഈ പ്രോഗ്രാം നടന്നു. നാം ഉദ്ഘാടനം ചെയ്ത ഈ സമ്മേളനത്തിൽ മലയാളം സലർവ്വകലാശാലയുടെ മുൻ വൈസ് ചാൻസലർ ഡോ. കെ. ജയകുമാർ ഐ.എ.എസ്. ക്രിസ്മസ് സന്ദേശം നൽകി. ഡി.എസ്.എം.സി. ഉൾപ്പെടെ 4 ഗായകസംഘങ്ങൾ ഗാനശുശ്രൂഷയെ ഏറ്റവും അനുഗൃഹീതമാക്കി തീർത്തു.

നമ്മുടെ നിരണം-മാരാമൺ ഭദ്രാസനത്തിന്റെ വനിതാ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ 'സ്ത്രീ സമത്വം മതേതര ഭാരതത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു സെമിനാർ തിരുവല്ലാ സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വെച്ച് നടന്നു. നമ്മുടെ പ്രത്യേക ക്ഷണം സ്വീകരിച്ച് ഷാനി മോൾ ഉസ്മാൻ എം.എൽ.എ. ഈ സെമിനാറിൽ വന്ന് പങ്കെടുത്ത് ധന്യമായ ഒരു സന്ദേശം നൽകി സെമിനാർ ഉദ്ഘാടനം ചെയ്തു.

മാർത്തോമ്മാ എം.റ്റി. & ഇ.എ. സ്കൂൾസ് കോർപറേറ്റ് മാനേജ്മെന്റിലെ സ്കൂളുകളെ പങ്കെടുപ്പിച്ചുക്കൊണ്ടുള്ള മാർത്തോമ്മാ ട്രോഫിക്കു വേണ്ടിയുള്ള അത്‌ലറ്റിക് മീറ്റ് നവംബർ 28-ാം തീയതി നാം ഉദ്ഘാടനം ചെയ്തു. തിരുവല്ല എസ്.സി.എസ്. സ്കൂൾ ഒന്നാം സ്ഥാനവും വാളകം സ്കൂൾ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. കായിക മേളയുടെ സുഗമമായ നടത്തിപ്പിന് നേതൃത്വം നൽകിയവരെയും വിജയികളെയും പങ്കെടുത്ത എല്ലാവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

തിരുവല്ല മാർത്തോമ്മാ കോളേജിൽ യു.ജി.സി. നാക് അക്രെഡിറ്റേഷൻ ടീം സന്ദർശനം നടത്തി പ്രവർത്തനങ്ങളെ വിലയിരുത്തി. തുടർച്ചയായി നാലാം പ്രാവശ്യവും യു.ജി.സി.യുടെ എ ഗ്രേഡ് നാക് അക്രെഡിറ്റേഷൻ മാർത്തോമ്മാ കോളേജിന് കരസ്ഥമാക്കുവാനും കഴിഞ്ഞു. ദേശീയ തലത്തിൽ 92-ാം സ്ഥാനവും നമ്മുടെ കോളേജിന് ലഭിക്കുകയുണ്ടായി. പ്രത്യേകം അഭിനനന്ദനങ്ങൾ. ചെങ്ങന്നൂർ കോളേജിൽ ഡിസംബർ 3, 4 തീയതികളിൽ നാക് അക്രെഡിറ്റേഷൻ ടീം സന്ദർശനം നടത്തുന്നതാണ്.

കുറ്റാലത്തെ നിർമ്മാണം പൂർത്തിയായി വരുന്ന മാർത്തോമ്മാ സഭാ ധ്യാനകേന്ദ്രത്തിന്റെ കൂദാശ മാരാമൺ കൺവൻഷൻ കഴിഞ്ഞാലുടൻ നിർവ്വഹിക്കാനാണ് ക്രമീകരിച്ചിരിക്കുന്നത്. 95% നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞിരിക്കുന്നു.

മാർത്തോമ്മാ സഭയിലെ സീനിയർ പട്ടക്കാരനായിരുന്ന റവ. കെ.എസ്. ഏബ്രഹാം (87) അന്തരിച്ചു. അച്ചന്റെ വിവിധ ഇടങ്ങളിലെ ശുശ്രൂഷകളെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. ബഹു. അച്ചന്റെ വേർപാടിൽ ദുഃഖാർത്തരായിരിക്കുന്ന കുടുംബാം

ഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുന്നു. ഓതറ എബനേസർ ഇടവകാംഗവും നാഗാലാന്റ് ICFAI University യുടെ വൈസ് ചാൻസലറുമായിരുന്ന ഡോ. ചാൾസ് പി. അലക്സാണ്ടർ (53) നിര്യാതനായി. തെള്ളിയൂർ കാർഷിക വിജ്ഞാന കേന്ദ്രത്തിലെ ഡോ. റോബർട്ട് പി. അലക്സാണ്ടറുടെ സഹോദരനാണ്. വേർപാടിന്റെ ദുഃഖത്തിലായിരിക്കുന്ന പ്രിയപ്പെട്ടവരുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുന്നു.

എറണാകുളം സെന്റർ സുവിശേഷ സേവികാസംഘത്തിന്റെ ആഭിമുഖ്യത്തിൽ കമ്പം കനിവിൽ ആരംഭിച്ചതായ പ്രോജക്ടിന്റെ ഭാഗമായി 7 ലക്ഷം രൂപാ ചെലവ് ചെയ്ത് നിർമ്മിച്ച പ്രാർത്ഥനാ ഹാളിന്റെ കൂദാശ ഡിസംബർ 9 ന് നിർവ്വഹിക്കുന്നതാണ്.

ഡിസംബർ മാസം പ്രതീക്ഷാ നിർഭരമായ സുവാർത്തകളുടെ വിളംബര ഘോഷയാത്രയുടെ നാളുകളാണ്. ഒന്നാമത് വേദപുസ്തകദിനമായി ഡിസംബർ 1 ഞായറാഴ്ച സഭ ആചരിക്കുന്നു. തിരുവചനം സുവാർത്തയത്രെ. നസ്രേത്തിലെ ഗ്രാമീണ കന്യകയായ മറിയയോട് ഗബ്രിയേൽ ദൂതൻ ലോകചരിത്രത്തിലെ ഏറ്റവും നിസ്തുല്യമായ സുവാർത്ത അറിയിക്കുമ്പോൾ അതു കേട്ട് അമ്പരന്നു നിൽക്കുന്ന മറിയയെ സുവിശേഷത്തിൽ നാം കാണുന്നു. ഗബ്രിയേൽ ദൂതൻ 'കൃപ ലഭിച്ചവളേ നിനക്ക് വന്ദനം' എന്നാണ് മറിയയെ അഭിസംബോധന ചെയ്യുന്നത്. 'കൃപ നിറഞ്ഞവളേ' എന്നല്ല ദൂതൻ പറഞ്ഞത് എന്ന കാര്യം നാം പ്രത്യേകം ഓർക്കണം. ദൂതന്റെ വചനങ്ങളിൽ ആത്മധൈര്യം പ്രാപിച്ച് 'ഇതാ, ഞാൻ കർത്താവിന്റെ ദാസി നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ' എന്നു പ്രാർത്ഥിച്ച ധന്യകന്യകയുടെ ഹൃദയത്തിൽ ആ സുവാർത്ത കേട്ടയുടനെ പെട്ടെന്ന് ഉദിച്ചത് ഭയപ്പാടിന്റെ ചിന്തകൾ ആയിരുന്നു. പരിശുദ്ധാത്മാവിനാൽ ഗർഭിണിയാകുന്നു എന്ന വസ്തുത ഉൾക്കൊണ്ട മറിയയിൽ ലോകത്തെ താൻ എങ്ങനെ അഭിമുഖികരിക്കും എന്ന ഭയം വളർന്നുവന്നിരുന്നു. എന്നാൽ ദൂതൻ മറിയയക്കു കൊടുത്ത പ്രേരണ കൃപ ലഭിച്ചവരോടു കൂടെ പോയി ദിവസങ്ങൾ ചെലവഴിക്കുക എന്ന നിയോഗമായിരുന്നു. ആ നിയോഗപ്രകാരം മറിയ യാത്ര ആരംഭിച്ചു. കൃപ ലഭിച്ച എലിസബത്തിന്റെ ഭവനത്തിലേക്ക് ഗർഭിണിയായ മറിയ നടത്തിയ യാത്ര അതീവ ക്ലേശകരമായിരുന്നു. ഗർഭധാരണത്തിന്റെ സങ്കീർണ്ണമായ കാലഘട്ടത്തിൽ എലിസബത്തിന്റെ ഭവനത്തിൽ ചെന്നപ്പോൾ കേട്ട സുവാർത്ത 'സ്തീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ; നിന്റെ ഗർഭഫലം അനുഗ്രഹിക്കപ്പെട്ടത്. എന്റെ കർത്താവിന്റെ മാതാവ് എന്റെ അടുക്കൽ വരുന്ന മാനം എനിക്ക് എവിടെ നിന്നുണ്ടായി. നിന്റെ വന്ദന സ്വരം എന്റെ ചെവിയിൽ വീണപ്പോൾ പിള്ള എന്റെ ഗർഭത്തിൽ ആനന്ദം കൊണ്ട് തുള്ളി. കർത്താവ് തന്നോട് അരുളി ചെയ്തതിന് നിവൃത്തിയുണ്ടാകും എന്ന് വിശ്വസിച്ചവൾ ഭാഗ്യവതി' എന്നതായിരുന്നു. എലിസബേത്തിൽ നിന്നും ആ സുവാർത്ത കേട്ടപ്പോൾ സംഘർഷനിർഭരമായ മറിയയുടെ ഹൃദയത്തിൽ നിന്നും ഭാഗ്യകരമായ ഒരു വചനം ഉയർന്നുവന്നു.- 'ഇന്നു മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും'. മറിയയുടെ ഈ വാക്കുകൾക്ക് ഇന്നുവരെയും ഒരു മാറ്റമോ മറുചോദ്യമോ ഉണ്ടായിട്ടില്ല. ഈ പ്രഖ്യാപനത്തിൽ എലിസബത്തിന്റെ ഉദരത്തിലുള്ള പൈതൽ പോലും പരിശുദ്ധാത്മാവ് നിറയപ്പെട്ടവനായി തീർന്നു എന്നാണു വചനം പറയുന്നത്. ഈ സുവാർത്തയുടെ പങ്കിടീലത്രെ 25-ാം നോമ്പിന്റെ ആരംഭത്തിൽ നാം തുടർന്നു പ്രഖ്യാപിക്കുന്നത്. വേദപുസ്തകദിനം ഈ സുവാർത്തയുടെ പങ്കിടലിനെ ഓർമ്മിപ്പിക്കുന്നു. മറ്റൊരു സുവാർത്ത സ്നാപക യോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ളതാണ്. ഗർഭത്തിൽ വെച്ചുതന്നെ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ പൈതലിന്റെ ജനനം ആ പൈതലിന്റെ ജീവിതദൗത്യത്തെ കുറിച്ചുള്ള സുവാർത്തയുടെ പ്രഖ്യാപനമാണ്. യേശുവിന്റെ ജനനത്തെ സംബന്ധിച്ച സുവാർത്ത ദൂതൻ നീതിമാനായ യോസേഫിനു സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് നൽകുമ്പോൾ നീതിമാനായ യോസേഫിൽ 2 വിധത്തിലുള്ള ചിന്തകൾ തനിക്കു വിവാഹം നിശ്ചയിച്ചതായ കന്യകയെ സംബന്ധിച്ചുണ്ടായി.- 1. അവൾക്ക് ലോകാപവാദം വരാതെ നോക്കുക. 2. ചേർത്തുകൊള്ളുന്നതിലുള്ള വിമുഖതയുടെ മാനസിക സംഘർഷം. കർത്താവു സ്വപ്നത്തിൽ യോസഫിന് നൽകിയ സുവാർത്ത മറിയയെ ചേർത്തുകൊള്ളുവാനുള്ള ആഹ്വാനവും അവൾ പരിശുദ്ധാത്മാവിലാണ് ഗർഭിണിയായിരിക്കുന്നത് എന്ന യാഥാർത്ഥ്യത്തിന്റെ വെളിപ്പെടുത്തലുമത്രേ. അങ്ങനെ അനുഗൃഹീതമായ കുടുംബനിർമ്മിതി ഉണ്ടായി. അടുത്ത സുവാർത്ത മാർത്തോമ്മാ സഭാദിനവുമായി ബന്ധപ്പെട്ട ധ്യാനഭാഗത്ത് നാം ദർശിക്കുന്നു. പിതാവിങ്കലേക്കുള്ള തന്റെ മടക്കയാത്രയെക്കുറിച്ച് കർത്താവ് സംസാരിക്കുമ്പോൾ അവിടേക്കുള്ള വഴിയെക്കുറിച്ചാണ് തോമസ് അപ്പൊസ്തലൻ ചോദിക്കുന്നത്. എന്നാൽ യേശു അവനോട് 'ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു' എന്ന സുവാർത്തയുടെ പ്രഖ്യാപനം നടത്തുന്നു. സംശയാലുവായ തോമസ് ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിനെക്കുറിച്ച് സ്ത്രീകളും ശിഷ്യസമൂഹവും സാക്ഷ്യം പറഞ്ഞിട്ടുപോലും വിശ്വസിക്കാൻ തയ്യാറായില്ല. താൻ അവനെ കണ്ടെങ്കിലല്ലാതെ വിശ്വസിക്കയില്ല എന്നു നിർബന്ധം പിടിച്ചപ്പോൾ ഉടനെ മറുപടി നൽകിയില്ലായെങ്കിലും സംശയാലുവായ തോമസിന് കർത്താവ് തന്നെ പ്രത്യക്ഷനായി സംശയനിവാരണത്തിനുള്ള സ്വാതന്ത്ര്യം കൊടുത്തപ്പോൾ കർത്താവിനെ കണ്ട തോമസ് താൻ ഉദ്ദേശിച്ചതായ ഉപാധികൾ ഒന്നും ഉപയോഗിച്ചില്ല. 'എന്റെ കർത്താവും എന്റെ ദൈവവുമേ' എന്ന തോമസ് അപ്പൊസ്തലന്റെ പ്രഖ്യാപനത്തിന്റെ സുവാർത്ത സുവിശേഷത്തിൽ നാം കേൾക്കുന്നുണ്ട്. ഇങ്ങനെ സുവാർത്തകളുടെ പരമ്പരയാണ് സുവിശേഷം. ക്രിസ്മസ് ദിനത്തിന്റെ ആചരണത്തിലേക്ക് നാം പ്രവേശിക്കുകയാണ്. നമ്മുടെ രക്ഷയ്ക്കുള്ള അടയാളം ബേത്‌ലഹേമിലെ തൊഴുത്തിൽ ദർശിക്കുക എന്ന സുവാർത്തയാണ് ദൈവദൂതരിലൂടെ ആട്ടിടയർക്ക് ലഭിച്ചത്. ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം എന്ന പ്രഖ്യാപനം ദൂതസംഘം വാനവീഥികളിൽ പ്രഖ്യാപിച്ചു. ഇന്നത്തെ യാഥാർത്ഥ്യത്തിന്റെ അനുഭവങ്ങളിൽ ചിലർ ഇതിനെ സംശയിച്ചേക്കാം. മനുഷ്യപ്രസാദമുള്ള മനുഷ്യർക്കു സമാധാനം എന്നല്ല ദൂതൻ പറഞ്ഞത് എന്നു നാം പ്രത്യേകം ഓർക്കണം. ഇന്ന് നാം സമൂഹത്തിലും സഭയിലും മനുഷ്യ പ്രസാദത്തിനുവേണ്ടിയുള്ള പരക്കം പാച്ചിലിലാണ്. എന്നാൽ ദൈവപ്രസാദത്തിനുവേണ്ടിയായിരിക്കണം നമ്മുടെ ദാഹം. ക്രിസ്തു നമ്മുടെ ഉള്ളങ്ങളിൽ ജനിച്ചു കഴിയുമ്പോൾ നമ്മുടെ ജീവിതം ദൈവപ്രസാദത്തിന്റെ വരദാനമായി മാറും. ഈ ദൈവപ്രസാദത്തോടുകൂടിയായിരിക്കണം പുതുവർഷത്തിലേക്കു നാം പ്രവേശിക്കേണ്ടത്. നിനച്ചിരിക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുമെന്ന പ്രത്യാശയാണ് ക്രിസ്തീയ വിശ്വാസത്തിന്റെ നങ്കൂരം. ആയത് കിഴക്കുനിന്ന് ഉദിക്കുമെന്നുള്ള പാരമ്പര്യത്തിലത്രെ ക്രിസ്തീയ ആരാധന ഏതെങ്കിലും പുണ്യസ്ഥലത്തേക്ക് നോക്കി ആരാധിക്കുന്നതിനു പകരം കിഴക്ക് ദിക്കിലേക്ക് നോക്കി ആരാധന നടത്തുന്ന രീതി സഭ ഇന്നും പുലർത്തിവരുന്നത്. ഈ ഡിസംബർ മാസത്തിലെ ധ്യാനം അവസാനിക്കുന്നത് ദൈവം നല്ലവനെന്ന് രുചിച്ചറിവിൻ എന്ന ചിന്താവിഷയത്തോടുകൂടിയാണ്. യേശു പറഞ്ഞു 'ദാഹിക്കുന്നവനെല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ'. നാം പലതിനു വേണ്ടി ദാഹിക്കാറുള്ളവരാണ്. സ്നേഹത്തിനുവേണ്ടിയും സന്തോഷത്തിനുവേണ്ടിയും വിശ്വാസത്തിനുവേണ്ടിയും പ്രത്യാശയ്ക്കുവേണ്ടിയും നാം ദാഹിക്കുന്നതിലൂടെയും അതോടൊപ്പം തന്നെ നല്ലവനായ ദൈവത്തെ രുചിച്ചറിയുകയും ചെയ്യുന്നതിലൂടെയുമാണ് നമ്മുടെ എല്ലാ ദാഹവും അർത്ഥവത്തായി ശമിക്കപ്പെടുന്നത് എന്ന ദർശനത്തോടുകൂടി പുതുവർഷത്തെ നമുക്ക് വരവേൽക്കാം. പുതുസംവത്സരം നമ്മെ സംബന്ധിച്ചിടത്തോളം സുവാർത്തകളുടെ നാഥനായ ക്രിസ്തു നമ്മിൽ വസിക്കുന്നതുമൂലം ഉളവാകുന്ന സുവാർത്തകളുടെ അനുഭവങ്ങളുടെ പരമ്പരയായി തീരട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

"എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്ത് പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും" (യോഹ. 7:38)...

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ



പുലാത്തീൻ,
30-11-2019

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**